# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.828** **11.03.2015-ൽ മറുപടിയ്ക്ക്**

## ഒരു പഞ്ചായത്തിൽ ഒരു കുളംപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്:** | **ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) മൈനർ ഇറിഗേഷൻ വഴി നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയ്ക്കായി 2012-2013 സാമ്പത്തിക വർഷത്തിൽ 47 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും അതനുസരിച്ച് കേരളത്തിലെ വിവിധ നദീ തടങ്ങളിലായി 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് 72.758 കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതു കൂടാതെ 2013-14 വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഈ പദ്ധതി ഉൾപ്പെടുത്തുകയും നിയമസഭ സബ്ജക്റ്റ് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഈ പദ്ധതിയിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്ത പഞ്ചായത്തുകളിലെ കുളങ്ങൾ സംബന്ധിച്ച് എം.എൽ. മാരുമായി കൂടിയാലോചിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർ(ജ&ഭ)യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര കുളങ്ങൾ നവീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) 115 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. |

(സി) പ്രസ്തുത പദ്ധതിയ്ക്കായി കുളങ്ങളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഒരു കുളത്തിന്റെ നവീകരണത്തിന് പരമാവധി എത്ര തുക വരെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

(സി) എം.എൽ.എമാരുടെയും, ബന്ധപ്പെട്ട പഞ്ചായത്തിന്റേയും ശുപാർശ പ്രകാരമാണ് കുളങ്ങൾ തിരഞ്ഞെടുക്കുന്നത്. തുകയുടെ പരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ ഒന്നും നിലവിലില്ല.

**സെക്ഷൻ ഓഫീസർ**